പരപ്പനങ്ങാടി മുനിസിപ്പൽ മുസ്‌ലിം ലീഗ് കമ്മറ്റി

ഗ്രെയ്സ് എജ്യുക്കേഷണൽ അസോസിയേഷൻ

അറിവരങ്ങ്

SET A

വായനാ മത്സരം : ചോദ്യാവലി

വിജയികൾക്കുള്ള സമ്മാനങ്ങൾ		
ഒന്നാം സ്ഥാനം	:	ലാപ്ടോപ്പ്
രണ്ടാം സ്ഥാനം	:	ഒരു പവൻ സ്വർണ്ണം
മൂന്നാം സ്ഥാനം	:	വാഷിംഗ് മെഷിൻ
കൂടാതെ 100 പേർക്ക് ആകർഷകമായ സമ്മാനങ്ങളും		

പ്രധാന നിർദ്ദേശങ്ങൾ

1 ഈ ചോദ്യാവലിയിൽ ആകെ 100 ചോദ്യങ്ങളുണ്ട്.

2 1 മുതൽ 75 വരെയുള്ള ചോദ്യങ്ങൾ എം.സി.വടകര രചിച്ച് ഗ്രെയ്സ് ബുക്സ് പ്രസിദ്ധീകരിച്ച "സയ്യിദ് അബ്ദുറഹിമാൻ ബാഫഖിതങ്ങൾ" എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. 76 മുതൽ 100 വരെയുള്ള ചോദ്യങ്ങൾ പരപ്പനങ്ങാടിയുടെ പ്രാദേശിക വിവരങ്ങൾ ഉൾപ്പെടുത്തിയതാണ്.

3 എല്ലാ ശരിയുത്തരങ്ങൾക്കും ഒരു മാർക്ക് വീതം.

4 ലഭിച്ചിരിക്കുന്ന ചോദ്യാവലിയിൽ 100 ചോദ്യങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

5 ചോദ്യാവലിയിൽ മുനിസിപ്പൽ മുസ്‌ലിം ലീഗ് കമ്മറ്റിയുടെ സീലും ക്രമനമ്പറും ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

6 ചോദ്യാവലിയുടെ ഫോട്ടോ കോപ്പി സ്വീകരിക്കുന്നതല്ല.

7 നിർദ്ദേശങ്ങൾക്ക് താഴെയുള്ള ഭാഗത്ത് പ്രാഥമികവിവരങ്ങൾ (പേര്, വിലാസം തുടങ്ങിയവ) വ്യക്തമായി പൂരിപ്പിക്കേണ്ടതാണ്.

8 ഓരോ ചോദ്യത്തിനും എ, ബി, സി, ഡി എന്നീ നാല് ഓപ്ഷനുകളുണ്ട്. ശരിയുത്തരത്തിന്റെ ഓപ്ഷനിൽ '✓'അടയാളപ്പെടുത്തുക

9 ഒന്നിലധികം ഓപ്ഷനിൽ ✓ രേഖപ്പെടുത്തിയാൽ ഉത്തരം അസാധുവായിരിക്കും

10 ഉത്തരങ്ങൾ രേഖപ്പെടുത്തി തന്നിരിക്കുന്ന കവറിൽ നിക്ഷേപിച്ച് ഒട്ടിച്ച് 2018 ഏപ്രിൽ 30ന് മുമ്പായി തിരിച്ചേൽപ്പിക്കേണ്ടതാണ്.

11 2018 ഏപ്രിൽ 10 മുതൽ 13 വരെ പരപ്പനങ്ങാടിയിൽ നടക്കുന്ന മുസ്‌ലിം യൂത്ത് ലീഗ് സമ്മേളനനഗരിയിൽ സ്ഥാപിക്കുന്ന പ്രത്യേക കൗണ്ടറുകളിലോ ഏപ്രിൽ 30 നു മുമ്പായി മുനിസിപ്പൽ മുസ്‌ലിംലീഗ് ഭാരവാഹികളുടെ കൈവശമോ ഉത്തരപ്പേപ്പർ കവർ ഏൽപിക്കാവുന്നതാണ്.

12 ചോദ്യാവലി രേഖപ്പെടുത്തി തിരിച്ചേൽപിക്കുന്നതിനും വിശദവിവരങ്ങൾക്കും ബന്ധപ്പെടാവുന്ന ഫോൺ നമ്പറുകൾ. 9961074995, 9745301097

13 ഒരേ മാർക്ക് ലഭിച്ചവരുണ്ടെങ്കിൽ വിജയികളെ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതാണ്.

14 **പരപ്പനങ്ങാടി മുനിസിപ്പൽ പരിധിയിലെ സ്ഥിരതാമസക്കാർക്കുമാത്രമാണ് ഈ മത്സരത്തിൽ പങ്കെടുക്കാൻ അവസരം.**

15 മത്സരം സംബന്ധിച്ച് നയപരമായ തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം മുനിസിപ്പൽ മുസ്‌ലിം ലീഗ് കമ്മറ്റിയിൽ നിക്ഷിപ്തമായിരിക്കും.

പേര് :.....

പിതാവിന്റെ /

ഭർത്താവിന്റെ പേര് :.....

വിലാസം :.....

.....

.....

ഡിവിഷൻ നമ്പർ :..... ഫോൺ നമ്പർ.....

എ

1 ബാഫഖി തങ്ങൾ മതപഠനം നടത്തിയ ദർസ് ഏത്?

എ) പൊന്നാനി പള്ളി ദർസ് ബി) മമ്പുറം ദർസ്

സി) ശാദുലി പള്ളി ഡി) വെളിയങ്കോട് പള്ളി ദർസ്

2 സി.എച്ചി മുഹമ്മദ്കോയക്ക് സ്പീക്കർ സ്ഥാനം ലഭിക്കാൻ കോൺഗ്രസ് മുന്നോട്ട് വെച്ച വ്യവസ്ഥ എന്തായിരുന്നു?

എ) കോൺഗ്രസിൽ ചേരുക ബി) മുസ്ലിം ലീഗ് അംഗത്വം രാജി വെക്കുക

സി) മുന്നണി വിടുക ഡി) എം.എൽ.എ.സ്ഥാനം രാജിവെക്കുക

3 "ഒരു നേതാവാകാൻ പോന്ന പുരുഷനാണ് അദ്ദേഹം എന്ന് ഒറ്റനോട്ടത്തിൽ അറിയാം" എന്ന് ബാഫഖിതങ്ങളെക്കുറിച്ച് പറഞ്ഞ പ്രശസ്തനായ സാഹിത്യകാരൻ ആര്?

എ) എസ്.കെ.പൊറ്റക്കാട് ബി) ഉറൂബ് സി) തകഴി ഡി) ബഷീർ

4 "രാഷ്ട്രീയത്തിന്റെ പണ്ഡിതൻ ബാഫഖി തങ്ങളാണ്. അതിന്റെ ഫത്വ വാങ്ങേണ്ടത് അദ്ദേഹത്തോടാണ്" എന്ന് പറഞ്ഞ പണ്ഡിതനാര്?

എ) ഇ.കെ.അബൂബക്കർ മുസ്ലിയാർ
ബി) കീഴന കുഞ്ഞബ്ദുള്ള മുസ്ലിയാർ

സി) കെ.എം.മൗലവി ഡി) സദഖത്തുള്ള മൗലവി

5 ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ പ്രഥമ മലബാർ ജില്ലാ സമ്മേളനം നടന്ന വർഷം ഏത്?

എ) 1952 ബി) 1962 സി) 1957 ഡി) 1954

6 1952 ലെ മദിരാശി അസംബ്ലിയിൽ ലീഗിന് എത്ര എം.എൽ.എ.മാർ ഉണ്ടായിരുന്നു?

എ) 4 ബി) 7 സി) 5 ഡി) 11

7 1957 തെരഞ്ഞെടുപ്പിൽ വിജയിച്ച് കേരളാ മുഖ്യമന്ത്രിയായതാര്?

എ) ടി.വി.തോമസ് ബി) പട്ടം താണുപിള്ള

സി) എം.എൻ.ഗോവിന്ദൻ നായർ ഡി) ഇ.എം.എസ്.നമ്പൂതിരിപ്പാട്

8 സി.എച്ച്. കേരളാ നിയമാസഭാ സ്പീക്കറായ വർഷം ഏത്?

എ) 1961 ബി) 1962 സി) 1960 ഡി) 1963

9 1967ലെ തെരഞ്ഞെടുപ്പിൽ വൻവിജയം കൈവരിച്ച സപ്തകക്ഷി മുന്നണിയിൽ മാർക്സിസ്റ്റ് പാർട്ടിക്ക് ലഭിച്ച എം.എൽ.എ.മാരുടെ എണ്ണം എത്ര?

എ) 50 ബി) 52 സി) 54 ഡി) 56

10 കേരള സ്റ്റേറ്റ് മുസ്ലിംലീഗ് കമ്മറ്റിയുടെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിച്ചതാര്?

എ) സീതി സാഹിബ് ബി) ബാഫഖി തങ്ങൾ

സി) സി.എച്ച് മുഹമ്മദ്കോയ ഡി) ഇസ്മയിൽ സാഹിബ്

11 മലബാർ ജില്ലാ മുസ്‌ലിം ലീഗ് രൂപീകരണത്തിനായി 1937 ഡിസംബർ 20ന് തല ശ്ശേരിയിൽ ചേർന്ന ലീഗ് അനുഭാവികളുടെ സമ്മേളനത്തിലെ അധ്യക്ഷൻ ആര്?

എ) അറക്കൽ അബ്ദുറഹിമാൻ ആലി രാജ

ബി) ബി.പോക്കർ സാഹിബ് സി) സീതി സാഹിബ് ഡി) കെ.എം.മൗലവി

12 മുസ്‌ലിം ലീഗ് പിന്തുണയോടെ എസ്.കെ. പൊറ്റക്കാട് പാർലമെന്റ് അംഗമായ മണ്ഡലം ഏത്?

എ)തലശ്ശേരി ബി) വടകര സി) പൊന്നാനി ഡി) കോഴിക്കോട്

13 "രണ്ട് മുടന്തന്മാർ കൂടിയാൽ ഒരു നല്ല മനുഷ്യനാകില്ല" എന്ന് നെഹ്റു പരാ മർശിച്ചത് ഏത് രാഷ്ട്രീയപാർട്ടികളുടെ സഖ്യത്തെക്കുറിച്ചായിരുന്നു?

എ) ലീഗ്-പി.എസ്.പി ബി) സി.പി.ഐ- പി.എസ്.പി

സി) സി.പി.ഐ-ലീഗ് ഡി) സി.പി.എം.-സി.പി.ഐ

14 കോഴിക്കോട് നഗരസഭയിലേക്ക് നോമിനേറ്റഡ് കൗൺസിൽ അംഗമായി ബാഫഖി തങ്ങളെ തെരഞ്ഞെടുത്ത വർഷം ഏത്?

എ) 1940 ബി) 1942 സി) 1941 ഡി) 1943

15 ബാഫഖി തങ്ങളുടെ പൂർവ്വികർ ഏത് ദേശക്കാരായിരുന്നു?

എ) ഈജിപ്ത് ബി) യമൻ സി) പേർഷ്യ ഡി) മക്ക

16 ഏത് രംഗത്ത് പ്രശസ്തനായതു കൊണ്ടാണ് ബാഫഖി എന്ന സ്ഥാനപ്പേര് ഇവ രുടെ കുടുംബത്തിന് ലഭിച്ചത്?

എ) രാഷ്ട്രീയം ബി) അധ്യാപനം സി) കർമ്മശാസ്ത്രം ഡി) പ്രബോധനം

17 1931 ൽ എവിടെ വെച്ച് ചേർന്ന പ്രതിനിധി സമ്മേളനത്തിലാണ് മുസ്‌ലിം മജ്‌ലിസ് രൂപീകരിച്ചത്?

എ) തലശ്ശേരി ബി) കോഴിക്കോട് സി) കൊയിലാണ്ടി ഡി) കൊല്ലം

18 'തെരഞ്ഞെടുപ്പിൽ താങ്കൾ തോൽക്കാനേ ഞാൻ ദുആ ചെയ്യൂ' എന്ന് ബാഫഖി തങ്ങൾ തുറന്ന് പറഞ്ഞത് ആരോട്?

എ) സത്താർ സേട്ട് സാഹിബ് ബി) എൻ.വി.അബ്ദുസ്സലാം മൗലവി

സി) ബി.പോക്കർ സാഹിബ് ഡി) ആറ്റക്കോയ തങ്ങൾ

19 ബാഫഖിതങ്ങൾക്ക് മുമ്പ് മുസ്‌ലിം പ്രിന്റിംഗ് ആന്റ് പബ്ലിഷിംങ് കമ്പനിയുടെ എം.ഡി. ആരായിരുന്നു.?

എ) ബാവഹാജി ബി) എ.കെ. കുഞ്ഞിമായിൻ ഹാജി

സി) സീതിഹാജി ഡി) എം.കെ.ഹാജി

20 പണ്ടത്തെ സൗരാഷ്ട്ര സംസ്ഥാനത്തിലെ മുഖ്യമന്ത്രിയും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡണ്ട് പദം വഹിച്ചിരുന്ന നയതന്ത്രജ്ഞനും ഭരണ നിപു ണനുമായ ഒരു നേതാവിനെ എം.സി.വടകര പുസ്തകത്തിൽ വായനക്കാർക്ക് പരിചയപ്പെടുത്തുന്നുണ്ട്. ആ നേതാവിന്റെ പേരെന്താണ്?

എ) ശാസ്ത്രി ബി) യു.എൻ. ധേബർ

സി) ആസിഫ് അലി ഡി) മൽഹോത്ര

21 സർവ്വേന്ത്യാ മുസ്‌ലിം ലീഗിന്റെ ഏത് ജില്ലാ ഘടകമാണ് പിൽക്കാലത്ത് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ അഡ്‌ഹോക്ക് കമ്മിറ്റിയായി മാറിയത്?

എ) ബോംബെ ബി) മദിരാശി സി) മലബാർ ഡി) ഹൈദരാബാദ്

22 "എന്റെ ഭാരം മുഴുവൻ ഓരോരുത്തരെ ഏൽപ്പിക്കണം എനിക്ക് വിശ്രമിക്കാൻ സമയമായി" - ബാഫഖി തങ്ങൾ ഇങ്ങനെ പറഞ്ഞത് ആരോട്?

എ) സി.എച്ച് മുഹമ്മദ്കോയ ബി) ഡോ. സി.കെ രാമചന്ദ്രൻ

സി) സി.കെ.പി. ചെറിയ മമ്മുക്കേയി ഡി) പി.പി.ഹസ്സൻകോയ

23 ബാഫഖി തങ്ങൾ സ്വാഗതമാശംസിക്കുകയും മുഖ്യമന്ത്രി സി.അച്യുതമേനോൻ ചടങ്ങിൽ അദ്ധ്യക്ഷം വഹിക്കുകയും ചെയ്ത ചടങ്ങായിരുന്നു കോഴിക്കോട് ചന്ദ്രികയുടെ മൂന്ന് നില കെട്ടിടത്തിന്റേയും റോട്ടറി പ്രസ്സിന്റേയും ഉദ്ഘാടനം. ഉദ്ഘാടകൻ ആരായിരുന്നു?

എ) സി.എച്ച്. മുഹമ്മദ്കോയ ബി) ഇസ്മായിൽ സാഹിബ്

സി) വി. വിശ്വനാഥൻ ഡി) വി.വി.ഗിരി

24 മലപ്പുറം ജില്ല നിലവിൽ വന്ന വർഷം ഏത്?

എ) 1969 ബി) 1970 സി) 1980 ഡി) 1959

25 ബ്രിട്ടീഷ് ഗവൺമെന്റിനോടുള്ള പ്രതിഷേധ സൂചകമായി ഗവൺമെന്റ് നൽകിയ സ്ഥാനമാനങ്ങൾ, ബഹുമതികൾ, ബിരുദങ്ങൾ എന്നിവ ഉപേക്ഷിക്കാൻ സർവ്വേന്ത്യാ മുസ്ലിം ലീഗ് ആഹ്വാനം ചെയ്തിട്ടും, അത് അനുസരിക്കാത്തതിന്റെ പേരിൽ മുസ്ലിം ലീഗിൽ നിന്നും പുറത്താക്കിയ 14 ഖാൻ ബഹദൂർമാരിൽ ഒരാളുടെ പേര് പുസ്തകത്തിൽ ഗ്രന്ഥകാരൻ പരാമർശിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പേരെന്താണ്?

എ) അബ്ദുറഹിമാൻ ഹാജി സാഹിബ് ബി) മഹമുദാബാദ് രാജാസാഹിബ്

സി) പി.എം. ആറ്റക്കോയ തങ്ങൾ ഡി) ഹാജി കെ.മമ്മു സാഹിബ്

26 1960 സെപ്തംബറിൽ നടന്ന മദിരാശിയിലെ മുസ്‌ലിം ലീഗ് സമ്മേളനത്തിനായി പണിതുയർത്തിയ വിശാലമായ പന്തലിന്റെ പേര്?

എ) ഷൗക്കത്തലി പന്തൽ ബി) മുഹമ്മദലി പന്തൽ

സി) സർ സയ്യിദ് പന്തൽ ഡി) അല്ലാമ ഇഖ്ബാൽ പന്തൽ

27 1967 ഫെബ്രുവരിയിൽ നടന്ന നിയമസഭ തിരഞ്ഞെടുപ്പിൽ സപ്തകക്ഷി മുന്നണിക്ക് എത്ര സീറ്റുകൾ ലഭിച്ചു?

എ) 110 ബി) 113 സി) 115 ഡി) 117

28 "ഖൗമിൻ കാവലർ" - ആരെക്കുറിച്ച് എഴുതിയ ഗ്രന്ഥമാണ്?

എ) ഇസ്മായിൽ സാഹിബ് ബി) എ.കെ.രിഫായി

സി) എ.കെ.അബ്ദുസമദ് ഡി) ബാഫഖിതങ്ങൾ

29 ഖാഇദെമില്ലത്തിന്റെ പിൻഗാമിയായി ഇന്ത്യൻയൂണിയൻ മുസ്‌ലിം ലീഗിന്റെ പ്രസിഡണ്ടാവാൻ ബാഫഖി തങ്ങളുടെ പേര് ഔപചാരികമായി നിർദ്ദേശിച്ചതാര്?

എ) എ.കെ.രിഫായി ബി) എസ്.എം. ശരീഫ്

സി) സി.എച്ച്. മുഹമ്മദ്കോയ ഡി) സയ്യിദ് അഹമ്മദ് സാഹിബ്

30 സീതിസാഹിബ് കേരളനിയമസഭയുടെ എത്രാമത്തെ സ്പീക്കർ ആയിരുന്നു.?

എ) ഒന്ന് ബി) രണ്ട് സി) മൂന്ന് ഡി) നാല്

31 1969 ലെ രാഷ്ട്രപതി തെരഞ്ഞെടുപ്പ്കാലത്ത് ലോക്സഭയിലും രാജ്യസഭയിലുമായി മുസ്‌ലിം ലീഗിന് എത്ര എം.പി.മാരുണ്ടായിരുന്നു.?

എ) 8 ബി) 7 സി) 6 ഡി) 5

32 "സർ അങ്ങയുടെ സേവനം രാഷ്ട്രത്തിനാവശ്യമുണ്ട്. അങ്ങ് കേരളത്തിൽ മാത്രം ഇരുന്നാൽ പോര, അങ്ങയെ പ്രശ്ന സംസ്ഥാനമായ പഞ്ചാബിൽ ഗവർണറാക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ദയവായി താങ്കൾ ആ പദവി സ്വീകരിക്കണം" ആര് ആരോടാണ് ഇങ്ങനെ ആവശ്യപ്പെട്ടത്?

എ) ലാൽ ബഹദൂർ ശാസ്ത്രിയോട് പട്ടം താണുപിള്ള

ബി) ആർ ശങ്കറിനോട് ലാൽ ബഹദൂർ ശാസ്ത്രി

സി) അച്യുത മേനോനോട് ലാൽ ബഹദൂർ ശാസ്ത്രി

ഡി) പട്ടം താണുപിള്ളയോട് ലാൽ ബഹദൂർ ശാസ്ത്രി

33 ഉദരരോഗ ചികിത്സക്കായി 1969 ൽ കിഴക്കൻ ജർമനിയിലേക്ക് പോയ ഇ.എം. എസ് നിയമസഭാ നേതാവിന്റെ ചുമതല ആരെയാണ് ഏൽപിച്ചത്?

എ) ടി.വി.തോമസ് ബി) സി.എച്ച്. മുഹമ്മദ്കോയ

സി) മത്തായി മാഞ്ഞൂരാൻ ഡി) കെ.ആർ.ഗൗരി

34 1961ലെ കുറ്റിപ്പുറം ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച ലീഗ് സ്ഥാനാർത്ഥിയാര്?

എ) കെ.പി. എസ് തങ്ങൾ ബി) മുഹ്സിൻ ബിൻ അഹമ്മദ്

സി) മൊയ്തീൻ കുട്ടി ഹാജി ഡി) സയ്യിദ് ഉമർ ബാഫഖി തങ്ങൾ

35 ഖായിദെ മില്ലത്തിന്റെ മരണത്തിനു ശേഷം മഞ്ചേരി ലോക്സഭ മണ്ഡലത്തിൽ നിന്നും ലീഗ് സാരഥിയായി പാർലമെന്റിലേക്ക് മത്സരിക്കാൻ അവസരം ലഭിച്ചത് ആർക്കായിരുന്നു?

എ) ഇബ്രാഹിം സുലൈമാൻ സേട്ട് ബി) സി.എച്ച്. മുഹമ്മദ്കോയ

സി) ജി.എം. ബനാത്ത് വാല ഡി) ബാഫഖി തങ്ങൾ

36 1937ൽ നടന്ന കുറുമ്പ്രനാട് നിയോജകമണ്ഡലം തെരഞ്ഞെടുപ്പിൽ എത്ര വോട്ടുകൾ അസാധുവായി?

എ) 1 ബി) 2 സി) 3 ഡി) 4

37 കേരള മുസ്‌ലിം ഐക്യസംഘം രൂപംകൊണ്ടത് എവിടെ?

എ) കൊയിലാണ്ടി ബി) ചേളാരി സി) കൊടുങ്ങല്ലൂർ ഡി) വടകര

38 1937 ൽ തലശ്ശേരിയിൽ വെച്ച് നടന്ന മുസ്‌ലിംലീഗ് സമ്മേളനത്തിൽ രൂപീകരിച്ച വളണ്ടിയർ കോർ പിന്നീട് എന്ത് പേരിലാണ് അറിയപ്പെട്ടത്?

എ) ലീഗ് ഗാർഡ് ബി) കേരള ഗാർഡ്

സി) നാഷണൽ ഗാർഡ് ഡി) ഇന്ത്യൻ ഗാർഡ്

39 പൂർണ്ണ പബ്ലിക്കേഷൻസ് പുറത്തിറക്കിയ "ബാഫഖിതങ്ങൾ" എന്ന പുസ്തകം രചിച്ചത് ആര്?

എ) പി.കെ.സി. പോക്കർ സാഹിബ് ബി) ആറ്റക്കോയ പള്ളിക്കണ്ടി

സി) കെ.കെ.മുഹമ്മദ് ഡി) കെ.പികുഞ്ഞിമൂസ

40 1960 ഫെബ്രുവരി 21ന് നടന്ന മുസ്‌ലിംലീഗ് നിയമസഭാ കക്ഷി യോഗത്തിന്റെ അധ്യക്ഷൻ ആരായിരുന്നു?

എ) സീതിസാഹിബ് ബി) സി.എച്ച്. മുഹമ്മദ്കോയ

സി) ബാഫഖി തങ്ങൾ ഡി) അവുക്കാദർകുട്ടി നഹ

41 'സീതിസാഹിബ്' എന്ന ഗ്രന്ഥം രചിച്ചത് താഴെ പറയുന്നവരിൽ ആര്?

എ) ടി.എം.സാവാൻകുട്ടി സ്ഹിബ് ബി) കെ.എം. കാദരിക്കോയ

സി) വാണിശ്ശേരി ഉമ്മർ കോയ ഹാജി ഡി) പരീത് മാസ്റ്റർ

42 പയ്യോളിയിൽ 1952 നവംബറിൽ മൂന്നിന് സമാധാനകമ്മറ്റി രൂപീകരിക്കാൻ പങ്ക് വഹിച്ച കലക്ടർ ആര്?

എ) ആർ.ഗണേഷ് ബി) ആർ.പ്രസാദ്

സി) കെ.കൃഷ്ണദാസ് ഡി) പി.കെ.മൽഹോത്ര

43 പറങ്കികൾ പന്തലായിനിയെ വിളിച്ച പേരെന്ത്?

എ) ഫന്തറായിന ബി) പന്താരണി സി) ഫൻലൈന ഡി) പന്തായിനി

44 "ഞങ്ങൾക്ക് വേണ്ടി പാർലമെന്റിന്റെ പശ്ചാത്തലത്തിൽ പൊറ്റക്കാട് ഒരു നോവൽ എഴുതണം. എന്നിട്ട് അത് ചന്ദ്രിക ആഴ്ചപ്പതിപ്പിന് തരികയും വേണം" എസ്.കെ.പൊറ്റക്കാടിനോട് ഇത്തരമൊരു ആവശ്യം ഉന്നയിച്ച നേതാവ് ആര്?

എ) ബാഫഖി തങ്ങൾ ബി) സി.എച്ച്. മുഹമ്മദ്കോയ

സി) ബി.വി.അബ്ദുള്ളക്കോയ ഡി) സീതി സാഹിബ്

45 കേരളത്തിലെ ഏത് കോളജിന്റെ ആവശ്യാർത്ഥമാണ് മുസ്ലിം ലീഗിന്റെ കൈവശ മുണ്ടായിരുന്ന കാർ വിൽപന നടത്തിയതും പ്രസ്തുത പണം കോളേജിനായി നൽകിയതും?

എ) ഇ.എം.ഇ.എ കോളേജ് കൊണ്ടോട്ടി

ബി) പി.എസ്.എം.ഒ. കോളേജ് തിരൂരങ്ങാടി

സി) ഫാറൂഖ് കോളേജ് ഡി) എം.ഇ.എസ്. കോളേജ് മമ്പാട്

46 സി.എച്ചി നോട് സ്പീക്കർ സ്ഥാനം രാജിവെക്കണമെന്ന് ഇസ്മായിൽ സാഹിബ് ഫോണിലൂടെ ആവശ്യപ്പെടുന്ന സംഭവം വിശദീകരിക്കുന്ന അധ്യായം ഏത്?

എ) ബലി ആവശ്യപ്പെടുന്ന ദേവത ബി) ഗവൺമെന്റുകൾ തകരുന്നത്

സി) നേതൃത്വത്തിന്റെ പ്രതിസന്ധികൾ ഡി) പട്ടം പഞ്ചാബിലേക്ക്

47 "ഞാനൊരു മുസ്ലിം സ്ത്രീയുടെ വയറ്റിൽ ജനിച്ചത് കൊണ്ടാണ് മന്ത്രിസഭയിൽ ഇല്ലാതെ പോയത്" ഇത് ആരുടെ വാക്കുകളാണ്?

എ) സി.എച്ച് മുഹമ്മദ്കോയ ബി) ബി.വി.അബ്ദുള്ളക്കോയ

സി) സീതിസാഹിബ് ഡി) പി.കെ.കുഞ്ഞ്

48 എം.സി. വടകരയുടെ വീട്ടുപേര് എന്ത്?

എ) ഹരിതാലയം ബി) അനുഗ്രഹം സി) പാർപ്പിടം ഡി) പഴങ്കാവ്

49 സർവ്വേന്ത്യാ മുസ്ലിം ലീഗ് വിഭജിക്കപ്പെട്ടപ്പോൾ ഇന്ത്യൻ മുസ്ലിം ലീഗിന്റെ കൺവീനറായത് ആര്?

എ) മുഹമ്മദ് ഇസ്മായിൽ സാഹിബ് ബി) സേട്ട് സാഹിബ്

സി) ബാഫഖി തങ്ങൾ ഡി) സീതി സാഹിബ്

50 സർവ്വേന്ത്യാ മുസ്ലിം ലീഗിന്റെ പ്രവർത്തനം കേരളത്തിലേക്ക് വ്യാപിപ്പിക്കാൻ നേതൃത്വം നൽകിയ നേതാവ് ആര്?

എ) സുലൈമാൻ സേട്ട് സാഹിബ്

ബി) അബ്ദുസത്താർ സേട്ട് സാഹിബ് സി) അഹമ്മദ് സേട്ട്

ഡി) കെ.എം.മൗലവി

51 പി.ടി.ചാക്കോ ഏത് മന്ത്രിസഭയിലെ ആഭ്യന്തര മന്ത്രിയായിരുന്നു?

എ) ആർ ശങ്കർ ബി) ഇ.എം.എസ്

സി) പട്ടം താണുപിള്ള ഡി) കരുണാകരൻ

52 മുഹമ്മദലി ജിന്ന അന്തരിച്ച വർഷം ഏത്?

എ) 1948 ബി) 1951 സി) 1949 ഡി) 1950

53 വലിയ സീതിതങ്ങൾ, ചെറിയ സീതി തങ്ങൾ എന്നിവർ മതപ്രബോധനത്തി നായി ഏത് രാജ്യത്തുനിന്നാണ് കേരളത്തിൽ എത്തിയത്?

എ) സൗദി അറേബ്യ ബി) യമൻ സി) ഈജിപ്ത് ഡി) ഇറാഖ്

54 ബാഫഖി തങ്ങൾ മദ്രാസിൽ പോകുന്നത് ഇന്ദിരാഗാന്ധിക്ക് എതിരെ ഗൂഢാലോ ചന നടത്താനാണെന്ന് പ്രസ്താവനയിലൂടെ ആക്ഷേപിച്ച വ്യക്തിയാര്?

എ) എ.കെ.ഗോപാലൻ ബി) എൻ.ഇ. ബൽറാം

സി) അച്യുതമേനോൻ ഡി) ഇ.എം.എസ്

55 1967ലെ തെരഞ്ഞെടുപ്പിൽ സമസ്ത ലീഗിനുവേണ്ടി മട്ടാഞ്ചേരിയിൽ മത്സരിച്ച കെ.ഹസ്സൻഗനിക്ക് ലഭിച്ച വോട്ടുകളുടെ എണ്ണം എത്ര?

എ) 615 ബി) 576 സി) 435 ഡി) 912

56 “ഇത് അൽപം കഴിഞ്ഞുപോരേ?” എന്ന ചോദ്യത്തിന് “അതിപ്പോൾ തന്നെ വേണം. ഇപ്പോഴില്ലെങ്കിൽ അത് പിന്നെയൊരിക്കലുമുണ്ടാകില്ല”- എന്ന് സി.എച്ച് മറുപടി പറഞ്ഞത് ഏത് കാര്യത്തെക്കുറിച്ചായിരുന്നു?

എ) മുസ്ലിം സംവരണം ബി) മുസ്ലിം സ്കോളർഷിപ്പ്

സി) കാലിക്കറ്റ് യൂണിവേഴ്സിറ്റി രൂപികരണം ഡി) മലപ്പുറം ജില്ലാ രൂപീകരണം

57 1955 ൽ നടന്ന മലബാർ ജില്ലാ മുസ്ലിം ലീഗ് സമ്മേളനത്തിൽ സ്വാഗതപ്രസംഗം നിർവ്വഹിച്ചത് ആര്?

എ) ബാഫഖി തങ്ങൾ ബി) സി.എച്ച്.മുഹമ്മദ്കോയ

സി) സീതിസാഹിബ് ഡി) ഖാഇദെമില്ലത്ത്

58 ധനകാര്യവകുപ്പിലെ സുപ്രധാനഘടകമായ ടാക്സേഷൻ വകുപ്പ് ആർക്ക് നൽകിയതാണ് മന്ത്രി പി.കെ.കുഞ്ഞിന് സൈരക്കേടുണ്ടാക്കിയത്?

എ) കെ.ആർ.ഗൗരി ബി) ഇമ്പിച്ചിബാവ

സി) ടി.വി.തോമസ് ഡി) പി.ആർ.കുറുപ്പ്

59 “ആരെയും പാട്ടിലാക്കുന്ന ചിരിയുമായി അഞ്ചടി മാത്രം ഉയരമുള്ള ആ കുറിയ മനുഷ്യൻ” - ഈ വിശേഷണം ഏത് നേതാവിനെ പറ്റിയാണ്?

എ) ബാഫഖി തങ്ങൾ ബി) ലാൽ ബഹദൂർ ശാസ്ത്രി

സി) ഇ.എം.എസ് ഡി) സി.എച്ച്

60 1960ൽ മുസ്ലിം ലീഗ് രാജ്യസഭയിലേക്ക് മത്സരിപ്പിച്ച നേതാവ് ആര്?

എ) സി.എച്ച്.മുഹമ്മദ്കോയ ബി) പോക്കർ സാഹിബ്

സി) ഇബ്രാഹിം സുലൈമാൻ സേട്ട് ഡി) ബാഫഖി തങ്ങൾ

61 1957 ൽ ലീഗ്-പി.എസ്.പി. സഖ്യകരാറിൽ ലീഗിന് വേണ്ടി ഒപ്പ് വെച്ചതാ ആര്?

എ) സീതി സാഹിബ് ബി) ബാഫഖി തങ്ങൾ

സി) സി.എച്ച് ഡി) എം.കെ.ഹാജി

62 കേരള സംസ്ഥാനത്തിന്റെ ആദ്യ കോൺഗ്രസ് മുഖ്യമന്ത്രി ആര്?

എ) കരുണാകരൻ ബി) പട്ടം താണുപിള്ള

സി) ആർ.ശങ്കർ ഡി) എ.കെ.ആന്റണി

63 മലപ്പുറം സംവരണ നിയോജകണ്ഡലത്തിൽനിന്നും മദിരാശി അസംബ്ലിയിലേക്ക് 1952ൽ തെരഞ്ഞെടുക്കപ്പെട്ട ലീഗ് എം.എൽ.എ ആര്?

എ) ബാലൻ ബി) രാമൻ മാസ്റ്റർ

സി) ചടയൻ ഡി) എ.പി.ഉണ്ണികൃഷ്ണൻ

64 ബാഫഖി തങ്ങൾ മുസ്ലിം ലീഗിൽ വഹിച്ച ആദ്യത്തെ ഔദ്യോഗിക പദവി ഏത്?

എ) ജില്ലാ മുസ്ലിം ലീഗ് പ്രസിഡണ്ട് ബി) ടൗൺ മുസ്ലിം ലീഗ് സെക്രട്ടറി

സി) ജില്ലാ മുസ്ലിം ലീഗ് സെക്രട്ടറി ഡി) ടൗൺ മുസ്ലിം ലീഗ് ഖജാൻജി

65 1960 ലെ ഇലക്ഷനു ശേഷം ഉപമുഖ്യമന്ത്രിയായി വ്യക്തി ആര്?

എ) ഇ.എം.എസ് ബി) ആർ.ശങ്കർ സി) സി.എച്ച്

ഡി) ഗോവിന്ദപിള്ള

66 ഇദ്ദേഹം ബാഫഖിതങ്ങളുടെ അമ്മാവനും സമസ്തയുടെ സ്ഥാപക നേതാവുമാണ്. ആര്?

എ) പൂക്കോയ തങ്ങൾ ബി) സീതി തങ്ങൾ

സി) കുഞ്ഞിതങ്ങൾ ഡി) വരക്കൽ മുല്ലക്കോയ തങ്ങൾ

67 ബ്രാഹ്മണമേധാവിത്വത്തിൽ നിന്ന് നായർ സമൂഹത്തെ മോചിപ്പിച്ച നായർ സർവ്വീസ് സൊസൈറ്റിയുടെ ആചാര്യതുല്യനായ നേതാവ് ആര്?

എ) പട്ടം താണുപിള്ള ബി) നാരായണപ്പണിക്കർ

സി) എം.എൻ.ഗോവിന്ദൻ നായർ ഡി) മന്നത്ത് പത്മനാഭൻ

68 യുദ്ധസമയത്ത് ഭക്ഷ്യക്ഷാമം വന്നപ്പോൾ ബാഫഖി തങ്ങൾ നടത്തിയ സാമൂഹ്യ ക്ഷേമ പ്രവർത്തിക്ക് ഗവൺമെന്റ് നൽകിയ പാരിതോഷികം എന്ത്?

എ) മലബാർ പ്രൊഡ്യൂസ് മർച്ചന്റ് അസോസിയേഷൻ സ്ഥാനം

ബി) സെൻട്രൽ അസംബ്ലിയിൽ അംഗം

സി) റേഷൻ ഷാപ്പുകളിലെ ഭക്ഷ്യവിതരണത്തിനുള്ള മൊത്തവ്യാപാര ലൈസൻസ് ഡി) ഭക്ഷ്യോപദേശക സമിതി ഉപദേഷ്ടാവ്

69 പീച്ചി സംഭവമെന്ന പേരിൽ കുപ്രസിദ്ധമായ അപവാദ കഥയെ തുടർന്ന് മന്ത്രി സ്ഥാനം നഷ്ടപ്പെട്ട നേതാവ് ആരാണ്?

എ) കെ.എം.തോമസ് ബി) എം.എ.ആന്റണി

സി) പി.ടി.ചാക്കോ ഡി) കെ.എം.ജോർജ്

70 1960 ലെ കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ ലീഗ് എത്ര സീറ്റിൽ വിജയിച്ചു?

എ) 4 ബി) 8 സി) 5 ഡി) 11

71 സി.അച്യുതമേനോൻ ഏത് പാർട്ടിയിൽ നിന്നുള്ള മുഖ്യമന്ത്രിയായിരുന്നു?

എ) സി.പി.ഐ.എം ബി) കോൺഗ്രസ്

സി) സി.പി.ഐ ഡി) കേരള കോൺഗ്രസ്

72 പ്രഥമ മദിരാശി അസംബ്ലിയിൽ രാജഗോപാലാചാരിയുടെ മന്ത്രിസഭ രൂപീകരണത്തിന് സഹായിച്ചതിന് പകരമായി മുസ്ലിം ലീഗ് ആവശ്യപ്പെട്ടത് എന്ത്?

എ) ഒരു മന്ത്രിസ്ഥാനം ബി) കോഴിക്കോട് വിമാനത്താവളം നിർമാണാനുമതി

സി) കുറ്റിപ്പുറം പാലം ഡി) മദിരാശി പള്ളി നിർമ്മാണാനുമതി

73 ബാഫഖി തങ്ങൾക്ക് മുൻപ് തന്നെ സജീവ ലീഗ് രാഷ്ട്രീയത്തിൽ മുഴുകിയ സഹോദരൻ ആര്?

എ) സയ്യിദ് ഹാശിം ബാഫഖി ബി) മുഹമ്മദ് ബാഫഖി

സി) അലി ബാഫഖി ഡി) അബ്ദുല്ല ബാഫഖി

74 1959ൽ കമ്മ്യൂണിസ്റ്റ് സർക്കാറിനെതിരെ ജനവികാരം ആഞ്ഞടിച്ചപ്പോൾ പി.എ സ്.പി. - ലീഗ് സഖ്യത്തിനൊപ്പം കോൺഗ്രസ് കൂടി കണ്ണി ചേരണമെന്നു അഭ്യർത്ഥിച്ചതാര്?

എ) ഡോ.കെ.ബി. മേനോൻ ബി) എസ്.കെ.പാട്ടീൽ

സി) പട്ടം താണുപിള്ള ഡി) വി.വി.ഗിരി.

75 താഴെ പറയുന്നവരിൽ ആരാണ് ലാൽ ബഹദൂർ ശാസ്ത്രിയുടെ ജീവചരിത്രം തയ്യാറാക്കിയത്?

എ) എം.വി.പൈലി ബി) ആനി തയ്യിൽ

സി) ചെറിയാൻ ഫിലിപ്പ് ഡി) കെ.സി.ജോൺ

76 1995 ലെ ഗ്രാമപഞ്ചായത്ത് ഇലക്ഷനിൽ പരപ്പനങ്ങാടി ഗ്രാമപഞ്ചായത്തിൽ മുസ്ലിം ലീഗ് മുന്നണിക്ക് എത്ര സീറ്റ് ലഭിച്ചു?

എ) 10 ബി) 11 സി) 9 ഡി) 8

77 അവുക്കാദർകുട്ടി നഹയുടെ ജീവചരിത്രഗ്രന്ഥം മാതൃഭൂമി ബുക്സ് പ്രസിദ്ധീക രിച്ചിട്ടുണ്ട്. ഗ്രന്ഥകർത്താവ് ആര്?

എ) നെല്ലിക്കുത്ത് അബ്ദുറഹിമാൻ മുസ്ലിയാർ

ബി) പി.കെ.അബ്ദുറബ്ബ് സി) അബ്ദുറഹ്മാൻ ആദ്യശ്ശേരി

ഡി) ഇഖ്ബാൽ കല്ലുങ്ങൽ

78 പരപ്പനങ്ങാടിയിൽ മുൻസീഫായിരിക്കെ ഒ.ചന്തുമേനോൻ എഴുതിയ നോവ ലാണ് ഇന്ദുലേഖ. ചന്തുമേനോന്റെ ജന്മദേശം ഏത്?

എ) താനൂർ ബി) തലശ്ശേരി സി) തിരൂർ ഡി) തിരുന്നാവായ

79 പരപ്പനങ്ങാടി ക്ഷീരോൽപാദക സഹകരണസംഘം നിലവിൽ വന്ന വർഷം ഏത്?

എ) 1978 ബി) 1968 സി) 1987 ഡി) 1965

80 പരപ്പനങ്ങാടിയിലെ ആദ്യ അലോപ്പതി ഡോക്ടർ ആര്?

എ) പി.കെ.ഡി. നായർ ബി) ഗോവിന്ദമേനോൻ

സി) സുകുമാരൻനായർ ഡി) ശ്രീനിവാസൻ

81 പരപ്പനങ്ങാടിയിലെ ആദ്യ മുസ്ലിം ബിരുദധാരി ആര്?

എ) കിഴക്കിനിയകത്ത് കമ്മുക്കുട്ടി ബി) ടി.പി.കുഞ്ഞാലൻകുട്ടി

സി) അച്ചമ്പാട്ട് മുഹമ്മദ് ഡി) കുഞ്ഞാലൻകുട്ടി എന്ന ബാവഹാജി

82 സൂപ്പിക്കുട്ടി നഹ മെമ്മോറിയൽ ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ച വർഷം ഏത്?

എ) 1975 ബി) 1978 സി) 1969 ഡി) 1981

83 പരപ്പനങ്ങാടിയിലെ ഏത് പ്രദേശത്താണ് "സീതിക്കോയതങ്ങൾ റോഡ്" സ്ഥിതി ചെയ്യുന്നത്?

എ) ഒട്ടുമ്മൽ ബി) പുത്തൻ കടപ്പുറം സി) ചാപ്പപ്പടി ഡി) ആലുങ്ങൽ

84 പരപ്പനങ്ങാടിയിൽ വ്യാപകമായി മദ്റസാ പാഠപുസ്തകങ്ങൾ അച്ചടിച്ചിരുന്ന പ്രസ്സ് ഏത്?

എ) അൽ ഹുദ ബി) ജമാലിയ സി) ബയാനിയ്യ ഡി) കമാലിയ

85 ബ്രിട്ടീഷ് വിരോധം പ്രചരിപ്പിക്കുന്നതിന് പരപ്പനങ്ങാടിയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന മാസിക ഏത്?

എ) കിറ്റ് ഇന്ത്യ ബി) ജയഭാരതം

സി) ഭാരത് മാതാ ഡി) ഭാരതീയം

86 സീതിസാഹിബിനൊപ്പം മലബാർ ജില്ലാ മുസ്ലിം ലീഗ് കമ്മിറ്റിയിൽ ഭാരവാഹിയായി പ്രവർത്തിച്ച പരപ്പനങ്ങാടി സ്വദേശി ആര്?

എ) നഹാസാഹിബ് ബി) എം.മൊയ്തീൻകുട്ടി

സി) എം.മുഹമ്മദ് നഹ ഡി) സി.പി.കുഞ്ഞാലിക്കുട്ടിക്കേയി

87 ചെറമംഗലത്ത് തിരൂർ താലൂക്ക് മുസ്ലിം ലീഗ് സമ്മേളനം നടന്ന വർഷം ഏത്?

എ) 1986 ബി) 1985 സി) 1987 ഡി) 1988

88 പരപ്പനങ്ങാടി മസ്ജിദുൽ മുജാഹിദീനിൽ ദീർഘകാലം ഖത്തീബ് ആയിരുന്ന അവറാൻ മൗലവിയുടെ സ്വദേശം ഏത്?

എ) ചങ്ങരംകുളം ബി) പാവിട്ടപ്പുറം

സി) കുമാരനല്ലൂർ പട്ടിത്തറ ഡി) എടപ്പാൾ ശുകപുരം

89 1960 ലെ സന്തോഷ്ട്രോഫി ഫുട്ബോൾ മത്സരത്തിൽ സംസ്ഥാന ടീം അംഗമായ പരപ്പനങ്ങാടിക്കാരൻ ആര്?

എ) സി.പി.അബൂബക്കർ ബി) കെ.അബ്ദുറഹിമാൻ

ബി) ടി.സുകുമാരൻ ഡി) ടി അരവിന്ദൻ

90 1964 ൽ പരപ്പനങ്ങാടി പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വനിതാമെമ്പർ രാജി വെച്ചതിനെതുടർന്ന് പകരം നാമനിർദ്ദേശം ചെയ്യപ്പെട്ട വനിതാ മെമ്പർ ആര്?

എ) ഫാത്തിമക്കുട്ടി എ.പി ബി) മാളിയേക്കൽ കുഞ്ഞുമറിയം

സി) നഫീസ.പി.വി ഡി) ബീവി.പി.കെ

91 എം.സി.സി. സഹോദരന്മാർ എന്നറിയപ്പെടുന്ന പണ്ഡിതന്മാരിൽ മൂത്ത സഹോദരൻ താഴെ പറയുന്നവരിൽ ആരാണ്?

എ) എം.സി.സി ഹസ്സൻ മൗലവി ബി) എം.സി.സി അഹമ്മദ് മൗലവി

സി) എം.സി.സി. അബ്ദുറഹ്മാൻ മൗലവി ഡി) എം.സി.സി റഷീദ് മൗലവി

92 1963 ലെ പരപ്പനങ്ങാടി പഞ്ചായത്ത് ഇലക്ഷനിൽ തന്റെ എതിർ സ്ഥാനാർത്ഥിയെ കേവലം 25 വോട്ടിലൊതുക്കി വൻഭൂരിപക്ഷത്തിന് ജയിച്ചതാര്?

എ) കുഞ്ഞവറാൻ കുട്ടി പി.വി ബി) മൊയ്തീൻ ബാവ.പി

സി) മുഹമ്മദ് കുട്ടി.പി.വി ഡി) കെ.പി. അബ്ദുൾ അസീസ്

93 പരപ്പനങ്ങാടിയിലെ ആദ്യത്തെ പ്രൈവറ്റ് ഹോസ്പിറ്റൽ ഏത്?

എ) നഹാസ് ഹോസ്പിറ്റൽ ബി) എ.കെ.ജി ഹോസ്പിറ്റൽ

സി) പ്രശാന്ത് ഹോസ്പിറ്റൽ ഡി) നസിയ ഹോസ്പിറ്റൽ

94 അവുക്കാദർകുട്ടി നഹ ജനിച്ച വർഷം ഏത്?

എ) 1918 ബി) 1919 സി) 1920 ഡി) 1921

95 പരപ്പനങ്ങാടി സർവ്വീസ് സഹകരണബേങ്ക് സ്ഥാപിതമായ വർഷം ഏത്?

എ) 1917 ബി) 1907 സി) 1906 ഡി) 1919

96 ഏറ്റവും കൂടുതൽ കാലം പരപ്പനങ്ങാടി പഞ്ചായത്ത് പ്രസിഡണ്ടായ വ്യക്തി ആര്?

എ) പി.കെ.അബ്ദുറബ്ബ് ബി) സി.പി.കുഞ്ഞാലിക്കുട്ടി കേയി

സി) ഉമ്മൽ ഒട്ടുമ്മൽ ഡി) സീനത്ത് ആലിബാപ്പു

97 ഒരു പരപ്പനങ്ങാടിക്കാരന്റെ തൂലികാനാമമാണ് "ഖയ്യാത്ത്" ഏതു മേഖലയിൽ പ്രവർത്തിച്ചിരുന്ന വ്യക്തിയാണ് ഇദ്ദേഹം?

എ) നാടകരചന ബി) കഥകളി

സി) മാപ്പിളപ്പാട്ട് രചന ഡി) നോവൽ

98 1982 ലെ നിയമസഭാ ഇലക്ഷനിൽ നഹാസാഹിബിന്റെ എതിരാളിയായി മത്സരിച്ച ഇടതുമുന്നണി സ്ഥാനാർത്ഥിയാര്?

എ) കെഎൻ.എ.ഖാദർ ബി) കെ.കോയക്കുഞ്ഞിനഹ

സി) ഇ.പി.മുഹമ്മദാലി ഡി) ബാവ ഹാജി

99 പരപ്പനങ്ങാടി കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ഭിന്നശേഷിക്കാർക്കു മാത്രമായുള്ള വിദ്യാലയത്തിന്റെ ഇപ്പോഴത്തെ ആസ്ഥാനം എവിടെ?

എ) ചെട്ടിപ്പടി ബി) കൊടക്കാട്

സി) ചെറമംഗലം ഡി) പാലത്തിങ്ങൽ

100 പരപ്പനങ്ങാടി, നെടുവ പഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് പരപ്പനങ്ങാടി പഞ്ചായത്ത് രൂപീകരിച്ച വർഷം?

എ) 1962 ബി) 1961 സി) 1964 ഡി) 1965